**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 433** **11-06-2024 - ൽ മറുപടിയ്ക്ക്**

**2024-25 സാമ്പത്തിക വർഷത്തിലെ കടമെടുപ്പ് പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് ആകെ എത്ര രൂപയാണ് കടമെടുക്കാൻ കഴിയുക; ഇതിൽ എത്ര രൂപ കടം എടുക്കുന്നതിനാണ് കേന്ദ്രം ഇതിനോടകം അനുമതി നൽകിയിട്ടുള്ളത്; | (എ) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ചു നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 12,50,401 കോടി രൂപയുടെ 3 ശതമാനമായ 37,512 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് പാദത്തേക്ക് 21,253 കോടി രൂപ മാത്രമേ പൊതുവിപണിയിൽ നിന്ന് കടമെടുക്കാൻ കേന്ദ്ര സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടുള്ളൂ. ഈ തുകയിൽ നടപ്പ് സാമ്പത്തികവർഷം നാളിതുവരെ 8500 കോടി രൂപയാണ് പൊതുവിപണിയിൽ നിന്ന് കടമെടുത്തിട്ടുള്ളത്. |
| (ബി) | ഈ തുകയിൽ നിന്നും എത്ര രൂപയാണ് സംസ്ഥാനം ഇതിനോടകം കടം എടുത്തിട്ടുള്ളത്; | (ബി) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ചു നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 12,50,401 കോടി രൂപയുടെ 3 ശതമാനമായ 37,512 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് പാദത്തേക്ക് 21,253 കോടി രൂപ മാത്രമേ പൊതുവിപണിയിൽ നിന്ന് കടമെടുക്കാൻ കേന്ദ്ര സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടുള്ളൂ. ഈ |

| | | | |
|---|---|---|---|
| | | | തുകയിൽ നടപ്പ് സാമ്പത്തികവർഷം നാളിതുവരെ 8500 കോടി രൂപയാണ് പൊതുവിപണിയിൽ നിന്ന് കടമെടുത്തിട്ടുള്ളത്. |
| (സി) | ഈ സാമ്പത്തിക വർഷത്തിൽ ആകെ എത്ര സർക്കാർ ജീവനക്കാരാണ് ജോലിയിൽ നിന്നും വിരമിക്കുന്നത്; പ്രസ്തുത ജീവനക്കാർക്ക് എല്ലാം കൂടി ആകെ എത്ര രൂപ പെൻഷൻ ആനുകൂല്യമായി നൽകേണ്ടി വരും എന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്; പ്രസ്തുത ഉദ്യോഗസ്ഥരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പണം എപ്രകാരം കണ്ടെത്താൻ ആകും എന്നാണ് സർക്കാർ കരുതുന്നത്; | (സി) | 07/06/2024 ലെ കണക്കുകൾ പ്രകാരം സ്പാർക്ക് ആപ്ലിക്കേഷനിൽ അതത് ഡി.ഡി.ഓ മാർ superannuation date 2024-25 സാമ്പത്തിക വർഷത്തിലാണെന്ന് രേഖപ്പെടുത്തിയ ജീവനക്കാരുടെ ആകെ എണ്ണം 21,574 ആണ്. നടപ്പ് വർഷം പെൻഷൻ നൽകുന്നതിനായി 28609.04 കോടി രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.<br><br>2024-25 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റിൽ തനി പൊതുകടമെടുപ്പായി 35,988.28 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതാണ്. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് പാദത്തേക്ക് 21,253 കോടി രൂപ മാത്രമേ പൊതു വിപണിയിൽ നിന്ന് വായ്പ എടുക്കുന്നതിന് സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭ്യമായിട്ടുള്ളൂ.<br><br>സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് കേന്ദ്ര നികുതി വിഹിതം എന്നിവയിൽ കൂടിയും വിഭവ സമാഹരണം നടത്തി സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുക എന്നതാണ് സർക്കരിന്റെ ലക്ഷ്യം. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. |
| (ഡി) | 2024-25 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ കടമെടുപ്പ് വരുമാനമായി കണക്കാക്കിയിരിക്കുന്നത് എത്ര രൂപയാണ്; എങ്കിൽ കേന്ദ്രം കടമെടുക്കാൻ അനുമതി നൽകിയ തുക കിഴിച്ച് ബാക്കി തുക എപ്രകാരം കണ്ടെത്താൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്; | (ഡി) | 07/06/2024 ലെ കണക്കുകൾ പ്രകാരം സ്പാർക്ക് ആപ്ലിക്കേഷനിൽ അതത് ഡി.ഡി.ഓ മാർ superannuation date 2024-25 സാമ്പത്തിക വർഷത്തിലാണെന്ന് രേഖപ്പെടുത്തിയ ജീവനക്കാരുടെ ആകെ എണ്ണം 21,574 ആണ്. നടപ്പ് വർഷം പെൻഷൻ നൽകുന്നതിനായി 28609.04 കോടി രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.<br><br>2024-25 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റിൽ തനി പൊതുകടമെടുപ്പായി 35,988.28 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതാണ്. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് പാദത്തേക്ക് 21,253 കോടി രൂപ മാത്രമേ പൊതു |

| | | | |
|---|---|---|---|
| | | | വിപണിയിൽ നിന്ന് വായ്പ എടുക്കുന്നതിന് സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭ്യമായിട്ടുള്ളൂ.<br><br>സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് കേന്ദ്ര നികുതി വിഹിതം എന്നിവയിൽ കൂടിയും വിഭവ സമാഹരണം നടത്തി സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുക എന്നതാണ് സർക്കരിന്റെ ലക്ഷ്യം. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. |
| (ഇ) | വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഈ കുറവ് മൂലം ഏതൊക്കെ മേഖലകളിൽ ചെലവ് ചുരുക്കേണ്ടി വരും എന്നാണ് സർക്കാർ കരുതുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | 07/06/2024 ലെ കണക്കുകൾ പ്രകാരം സ്പാർക്ക് ആപ്ലിക്കേഷനിൽ അതത് ഡി.ഡി.ഓ മാർ superannuation date 2024-25 സാമ്പത്തിക വർഷത്തിലാണെന്ന് രേഖപ്പെടുത്തിയ ജീവനക്കാരുടെ ആകെ എണ്ണം 21,574 ആണ്. നടപ്പ് വർഷം പെൻഷൻ നൽകുന്നതിനായി 28609.04 കോടി രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.<br><br>2024-25 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റിൽ തനി പൊതുകടമെടുപ്പായി 35,988.28 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതാണ്. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് പാദത്തേക്ക് 21,253 കോടി രൂപ മാത്രമേ പൊതു വിപണിയിൽ നിന്ന് വായ്പ എടുക്കുന്നതിന് സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭ്യമായിട്ടുള്ളൂ.<br><br>സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് കേന്ദ്ര നികുതി വിഹിതം എന്നിവയിൽ കൂടിയും വിഭവ സമാഹരണം നടത്തി സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുക എന്നതാണ് സർക്കരിന്റെ ലക്ഷ്യം. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. |

സെക്ഷൻ ഓഫീസർ